





**മക്കളുടെ ശരീരഭാഗങ്ങൾക്ക് എന്തുപറ്റി എന്ന രാജന്റെ അച്ഛന്റെയും വിജയന്റെ അമ്മയുടെയും ചോദ്യങ്ങൾ മലയാളി സമൂഹത്തിന് മുന്നിൽ ഉത്തരമില്ലാതെ നിൽക്കുന്നു. ഒരു സംസ്കൃത സമൂഹം ന്യായമായും ഉത്തരം പറഞ്ഞിരിക്കേണ്ടതായ ചോദ്യങ്ങളാണ് ഇവ. ഉത്തരമില്ലാത്തിടത്തോളം കാലം മലയാളി സമൂഹത്തിന് ഇതൊരു തീരാക്കളങ്കമായി അവശേഷിക്കും. ഈ തീരാക്കളങ്കത്തിന് ഉത്തരവാദി കരുണാകരനല്ലാതെ മറ്റാരുമല്ലെന്ന് കെ. വേണു**

# കെ. കരുണാകരന്റെ രാഷ്ട്രീയം

കെ. കരുണാകരന്റെ നിര്യാണ സന്ദർഭം കേരളത്തിലെ മാധ്യമപ്രവർത്തനത്തിന്റെ നിലവാരത്തകർച്ച ഏതറ്റം വരെ എത്തിയിരിക്കുന്നു എന്നു കാണിച്ചുതരാൻ അവസരമൊരുക്കി. കരുണാകരന്റെ ഒട്ടും ആകർഷണീയമല്ലാത്ത ഇരുണ്ടവശങ്ങളെ വേണ്ടുവോളം തുറന്നുകാട്ടിക്കൊണ്ടിരുന്ന മാധ്യമങ്ങൾ ഒന്നടങ്കം നിര്യാണസമയത്ത് കരുണാകരനെ വാനോളം പാടിപുകഴ്ത്താൻ മത്സരിക്കുകയായിരുന്നു. ഇന്ത്യയിലെ ഏറ്റവുമധികം രാഷ്ട്രീയ കക്ഷിയെ പ്രതിനിധാനം ചെയ്ത് കേരളത്തിന് ഏറ്റവുമധികം ഭരണനേതൃത്വം കയ്യാളിയ ഒരു നേതാവിനോട് ജനങ്ങളിൽ ഗണ്യമായ ഒരു വിഭാഗം വൈകാരിക അടുപ്പം പുലർത്തുന്നത് സ്വാഭാവികമാണ്. കരുണാകരന്റെ അന്ത്യയാത്രയിൽ ആദരാഞ്ജലികൾ അർപ്പിക്കാൻ ഉടനീളം തടിച്ചുകൂടിയ ജനാവലിയെ കണ്ട മാധ്യമങ്ങൾ ആ വൈകാരികതയെ മുതലാക്കാൻ മത്സരിച്ചുകൊണ്ടിരിക്കുകയാണ്.

കേരളം പോലുള്ള ഒരു സംസ്ഥാനത്തിന്റെ രാഷ്ട്രീയ നേതൃത്വത്തിൽ ദീർഘകാലം നിർണ്ണായക പങ്ക് വഹിച്ച ഒരു നേതാവ് അനുകരണീയനായി വാഴ്ത്തപ്പെടുമ്പോൾ അദ്ദേഹത്തിന്റെ പ്രവർത്തന ശൈലി ഏത് രീതിയിലാണ് പുതിയ തലമുറക്ക് മാർഗ്ഗദർശകമായിത്തീരുന്നതെന്ന് വസ്തുനിഷ്ഠമായി വിലയിരുത്തപ്പെടേണ്ടതുണ്ട്. അത്തരം ഗൗരവപൂർണ്ണമായ ശ്രമങ്ങളൊന്നും നടത്താതെ ഉപരിപ്ലവത്തിലുള്ള സ്തുതിപാടലുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. സാമൂഹ്യരാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്ന പുതിയ തലമുറയെ ബോധപൂർവ്വം വഴി തെറ്റിക്കുന്നതിന് സമമാണ് മാധ്യമങ്ങളുടെ ഈ രീതി.





**1970 കളുടെ ആരംഭം മുതൽക്കുതന്നെ നക്സലൈറ്റു കളെ നേരിടാനായി ജയറാം പടിക്കലിന്റെ നേതൃത്വ ത്തിൽ അമിതാധികാരങ്ങൾ നൽകിക്കൊണ്ടുള്ള ഒരു പോലീസ് വിഭാഗത്തെ പ്രത്യേകമായി വളർത്തിക്കൊണ്ടുവന്നത് ആഭ്യന്തരമന്ത്രിയായിരുന്ന കരുണാകരന്റെ വ്യക്തിപരമായ മുൻകയ്യിലായിരുന്നു. അമിതാധികാരങ്ങൾ കയ്യാളിയ ആ പോലീസ് വിഭാഗത്തിന് അടിയന്തരാവസ്ഥ നൽകിയ അധികാരം കൂടിയായപ്പോൾ എന്തും ചെയ്യാമെന്ന അവസ്ഥ വന്നു.**

അരനൂറ്റാണ്ടോളം രാഷ്ട്രീയ ത്തിൽ നിറഞ്ഞുനിന്ന നേതാവാണ് കെ. കരുണാകരൻ. അങ്ങനെയുള്ള ഒരു നേതാവിന്റെ പ്രവർത്തനങ്ങൾ വസ്തുനിഷ്ഠമായിത്തന്നെ വിലയി രുത്തപ്പെടണം. എങ്കിൽ മാത്രമേ പു തിയ തലമുറയ്ക്ക് അദ്ദേഹത്തിൽ നിന്ന് എന്തെങ്കിലും പാലിക്കാനോ സ്വീകരിക്കാനോ ഉണ്ടോ എന്ന് തീ രുമാനിക്കാനാകൂ. ഇത്തരമൊരു ഹ്രസ്വ പരിശോധനയാണ് ഇവിടെ ശ്രമിക്കുന്നത്.

കെ. കരുണാകരന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഏറ്റവും മുഴച്ചുനിൽ ക്കുന്ന സംഭവം രാജൻ കേസാണ്. ആ കേസിൽ കരുണാകരനെതിരാ യ ഹൈക്കോടതി പരാമർശം മൂലം കരുണാകരന് മുഖ്യമന്ത്രിപദം രാജി വെക്കേണ്ടി വന്നു എന്നതുമാത്രമല്ല ആ കേസിന്റെ പ്രാധാന്യം അടിയ ന്തരാവസ്ഥ നൽകിയ അമിതാധികാ രം ദുർവിനിയോഗം ചെയ്തതിന്റെ ഫലമായുണ്ടായ അതിക്രമങ്ങളിൽ ഏറ്റവും ശ്രദ്ധേയമായി തീർന്നതാ യിരുന്നു രാജൻ കേസ്. 1970-കളു ടെ ആരംഭം മുതൽക്കുതന്നെ നക് സലൈറ്റുകളെ നേരിടാനായി ജയ റാം പടിക്കലിന്റെ നേതൃത്വത്തിൽ അമിതാധികാരങ്ങൾ നൽകിക്കൊ ണ്ടുള്ള ഒരു പോലീസ് വിഭാഗത്തെ പ്രത്യേകമായി വളർത്തിക്കൊണ്ടുവ ന്നത് ആഭ്യന്തരമന്ത്രിയായിരുന്ന ക രുണാകരന്റെ വ്യക്തിപരമായ മുൻ കയ്യിലായിരുന്നു. അമിതാധികാര ങ്ങൾ കയ്യാളിയ ആ പോലീസ് വി ഭാഗത്തിന് അടിയന്തരാവസ്ഥ നൽ കിയ അധികാരം കൂടിയായപ്പോൾ എന്തും ചെയ്യാമെന്ന അവസ്ഥ വ ന്നു. കക്കയം, ശാസ്തമംഗലം, ഇട പ്പള്ളി എന്നീ പോലീസ് ക്യാമ്പു കൾ സൃഷ്ടിക്കുകയും അവയിൽ വെച്ച് അടിയന്തിരാവസ്ഥയെ എ തിർക്കാൻ തയ്യാറായ വിവിധ രാ ഷ്ട്രീയ പാർട്ടികളിലെ ആയിരക്കണ ക്കിന് പ്രവർത്തകരെ ക്രൂരമായി മർ ദ്ദിക്കുകയും പീഢിപ്പിക്കുകയും ചെ യ്യാനിടയായതും ഇതിന്റെ ഫലമാ യിട്ടാണ്. അതിനിടയ്ക്കാണ് രാജ നും വർക്കല വിജയനും കൊല്ലപ്പെ ടാനിടയാവുന്നത്.

ഈ സംഭവവികാസങ്ങളിൽ കരുണാകരന് എത്രത്തോളം പങ്കു ണ്ട് എന്നത് സംബന്ധിച്ച് വ്യക്തമാ യ വിവരങ്ങളോ, തെളിവുകളോ ല ഭ്യമല്ല. പക്ഷേ, അത്തരമൊരു അതി ക്രമ പരമ്പരക്കുള്ള സാഹചര്യമൊ രുക്കുന്നതിൽ കരുണാകരന്റെ പങ്ക് നിർണ്ണായകമായിരുന്നു. അത് ആർ ക്കും നിഷേധിക്കാനുമായില്ല.

കരുണാകരനും അനുയായികൾ ക്കും ഇതിനൊരു മറുപടിയുണ്ട്. നക് സലൈറ്റുകൾ ഉയർത്തിയ ഭീഷണി യെ നേരിടുന്നതിനും അവരെ അടി ച്ചമർത്തുന്നതിനും വേണ്ടിയാണ് ക രുണാകരൻ ശ്രമിച്ചതെന്നും കേരളീ യ സമൂഹത്തിന് വേണ്ടി ചെയ്ത ആ സേവനത്തിന് കരുണാകരന് കിട്ടിയ പ്രതിഫലമാണ് മുഖ്യമന്ത്രി പദം നഷ്ടപ്പെടാനിടയാക്കിയതെന്നും അവർ സമർത്ഥിക്കാറുണ്ട്. കരുണാ കരന്റെ നിര്യാണം വരെ ഈ അവ കാശവാദം ഉന്നയിക്കാറുള്ളത് കരു ണാകരൻ തന്നെയാണ്. പക്ഷേ, ഇ പ്പോൾ ഇതുവരെ ഇത്തരം വാദമൊ ന്നും ഏറ്റുപിടിച്ചിട്ടില്ലാത്ത ഉമ്മൻ ചാ ണ്ടിയെപ്പോലുള്ളവർ അതാരംഭിച്ചി രിക്കുന്നു. കരുണാകരന്റെ ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയനേട്ടം നക്സ ലൈറ്റുകളെ അടിച്ചമർത്തിയതാണെ ന്നും കരുണാകരൻ അങ്ങിനെ ചെയ് തതു കൊണ്ടാണ് ഇപ്പോൾ മറ്റു പല യിടത്തും മാവോയിസ്റ്റുകൾ തല പൊക്കുമ്പോൾ കേരളത്തിൽ അങ്ങി നെ അനുഭവിക്കാത്തതെന്നും ഉമ്മൻ ചാണ്ടി പറയുകയുണ്ടായി.

കരുണാകരന്റെയും ഉമ്മൻചാ ണ്ടിയുടെയും വാദമുഖങ്ങൾക്ക് വ സ്തുതാപരമായ യാതൊരു അടി സ്ഥാനവുമില്ല. ഇവിടത്തെ ജനാധി പത്യവ്യവസ്ഥയെയും ഭരണഘടന യെയും പരസ്യമായി വെല്ലുവിളിക്കു കയും അതിനെ തകർക്കാനായി അ ക്രമപ്രവർത്തനങ്ങളിലേർപ്പെടുക

യും ചെയ്യുന്ന നക്സലൈറ്റുകളെ അടിച്ചമർത്തണമെന്ന് തീരുമാനിക്കാനും നടപടികളെടുക്കാനും ജനാധിപത്യവ്യവസ്ഥയിലെ ഭരണാധികാരികൾക്ക് അവകാശമുണ്ട്. അതവരുടെ ഉത്തരവാദിത്വവുമാണ്. അതിൽ ഒരുതെറ്റുമില്ല. കരുണാകരന്റെ ലക്ഷ്യപ്രഖ്യാപനത്തെ ആരെങ്കിലും വിമർശിക്കുമെന്ന് തോന്നുന്നില്ല. പക്ഷേ, ജനാധിപത്യപരമായ രീതികൾ സ്വീകരിച്ചുകൊണ്ടാണ് തങ്ങളുടെ ലക്ഷ്യം നേടേണ്ടത്. ഇവിടെയാണ് കരുണാകരന്റെ പാളിച്ച. ലക്ഷ്യം നേടാനായി അമിതാധികാരവും ജനാധിപത്യ വിരുദ്ധ രീതികളും പ്രയോഗിക്കാനുള്ള ലൈസൻസ് നൽകുകയാണ് കരുണാകരൻ ചെയ്തത്. അതുമൂലം ലക്ഷ്യം നേടാനായില്ല എന്ന് മാത്രമല്ല, വിപരീത ഫലങ്ങൾ ഉണ്ടാകുകയും ചെയ്തു. കരുണാകരന്റെ രാഷ്ട്രീയ ചരിത്രം നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ പാഠം ഇതാണ്. ഉമ്മൻ ചാണ്ടിയെപ്പോലുള്ളവർ ഈ പാഠം ഉൾക്കൊണ്ടില്ല എന്നതിന്റെ അർത്ഥം, മുഖ്യമന്ത്രി ആവാൻ തയ്യാറെടുത്തിരിക്കുന്ന അദ്ദേഹം ഇത്തരം അബദ്ധങ്ങൾ ആവർത്തിച്ചുകൂടെന്നില്ല എന്നതാണ്.

അടിയന്തരാവസ്ഥയിൽപോലും നിയമവിരുദ്ധമായി പ്രവർത്തിക്കാൻ പോലീസിനോ ഭരണാധികാരികൾക്കോ അവകാശമുണ്ടായിരുന്നില്ല. പോലീസിന് കൂടുതൽ അധികാരം നൽകിയിരുന്നു. പക്ഷേ, അതും ചട്ടപ്രകാരം മാത്രമേ പ്രയോഗിക്കാൻ പാടുണ്ടായിരുന്നുള്ളൂ. കരുണാകരന്റെ പോലീസ് യാതൊരു നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെയാണ് അമിതാധികാരപ്രയോഗം നടത്തിയിരുന്നത്. ആഴ്ചകളും മാസങ്ങളുമാണ് അറസ്റ്റുചെയ്തവരെ നിയമവിരുദ്ധ കസ്റ്റഡിയിൽ വെയ്ക്കുകയും മർദ്ദിക്കുകയും ചെയ്തിരുന്നത്. അത്തരം നിയമവിരുദ്ധ കസ്റ്റഡിയിലെ മർദ്ദനത്തിന്റെ ഫലമായിട്ടാണ് രാജനും വർക്കല വിജയനും കൊല്ലപ്പെട്ടത് എന്നതിന് അനവധി സാക്ഷികളുണ്ട്. പക്ഷേ, അവരുടെ ശരീരങ്ങൾ ഇപ്പോഴും അജ്ഞാതമായ രീതിയിൽ നശിപ്പിക്കുകയാണുണ്ടായത്. മക്കളുടെ ശരീരഭാഗങ്ങൾക്ക് എന്തുപറ്റി എന്ന രാജന്റെ അച്ഛന്റെയും വിജയന്റെ അമ്മയുടെയും ചോദ്യങ്ങൾ മലയാളി സമൂഹത്തിന് മുന്നിൽ ഉത്തരമില്ലാതെ നിൽക്കുന്നു.

ഒരു സംസ്കൃത സമൂഹം ന്യായമായും ഉത്തരം പറഞ്ഞിരിക്കേണ്ടതായ ഒരു ചോദ്യമാണ്. ഉത്തരമില്ലാത്തിടത്തോളം കാലം മലയാളി സമൂഹത്തിന് ഇതൊരു തീരാകളങ്കമായി അവശേഷിക്കും. ഈ തീരാകളങ്കത്തിന് ഉത്തരവാദി കരുണാകരനല്ലാതെ മറ്റാരുമല്ലതാനും.

നക്സലൈറ്റു പ്രസ്ഥാനത്തെ അടിച്ചമർത്താനായി കരുണാകരൻ ഇതെല്ലാം ചെയ്തിട്ടും ആ പ്രസ്ഥാനം അടിയന്തിരാവസ്ഥയ്ക്കുശേഷം ഏറെ സജീവമാവുകയാണുണ്ടായത്. കരുണാകരന്റെ അടിച്ചമർത്തൽ കാലഘട്ടം 1970 മുതൽ 1977 വരെയായിരുന്നു. ആ ഘട്ടത്തിൽ വലിയ അടിച്ചമർത്തൽ വിവരങ്ങൾ പുറത്തുവന്നതോടെ യുവാക്കളുടെയും സാധാരണക്കാരുടെയും ഇടയിൽ നക്സലൈറ്റുകൾ ആകർഷണകേന്ദ്രങ്ങളാകുകയായിരുന്നു. മർദ്ദനകഥകൾ അവരെ ഭയപ്പെടുത്തുകയല്ല അടുപ്പിക്കുകയാണ് ചെയ്തത്. ഒന്നൊന്നര ദശകക്കാലം നക്സലൈറ്റുകൾ കേരളത്തിൽ സജീവമായി നിൽക്കാനുള്ള അടിസ്ഥാനം അടിയന്തരാവസ്ഥക്കാലത്ത് കരുണാകരൻ നടത്തിയ അടിച്ചമർത്തൽ നടപടികൾ തന്നെയായിരുന്നു. നക്സലൈറ്റുകൾ പിന്നീട് ഭീകരത കയ്യൊഴിച്ചത് പടിപടിയായിട്ടായിരുന്നു. കേരളത്തിൽ ജന്മിത്തത്തിന് വലിയ മാറ്റങ്ങൾ വന്നിരിക്കുന്നു എന്ന വസ്തുതയും, ജനങ്ങൾക്കിടയിലെ ജനാധിപത്യ രാഷ്ട്രീയ വളർച്ച ഭീകരതയോട് അകൽച്ച സൃഷ്ടിക്കുന്നതും തിരിച്ചറിഞ്ഞുകൊണ്ട് നക്സലൈറ്റുകൾ സ്വയം ഭീകരപ്രവർത്തനങ്ങൾ കയ്യൊഴിയുകയായിരുന്നു. ലോകവ്യാപകമായി സംഭവിച്ച കമ്മ്യൂണിസ്റ്റുതകർച്ച സൃഷ്ടിച്ച പ്രത്യയശാസ്ത്രപ്രതിസന്ധിയും നക്സലൈറ്റുകളുടെ പുറകോട്ടടിയ്ക്ക് കാരണമായിത്തീർന്നു.

കരുണാകരന്റെ അടിച്ചമർത്തൽ നടപടികൾക്ക് മറ്റൊരു പ്രത്യക്ഷങ്ങൾ കൂടിയുണ്ടായി. നിയമവിരുദ്ധ നടപടികൾ പലതും വിചാരണയ്ക്ക് വിധേയമാക്കപ്പെട്ടു. ജയറാം പടിക്കലും ലക്ഷ്മണയും ഉൾപ്പടെയുള്ള അനവധി പോലീസുകാർ കേസുകളിൽ പ്രതികളാക്കപ്പെട്ട് കോടതി വരാന്തകളിൽ കാത്തു നിൽക്കേണ്ടി വന്നു. അവർ മർദ്ദിച്ചവശരാക്കിയ നക്സലൈറ്റുകളുടെ മുന്നിൽ പ്രതികളായി തിരിച്ചറിയൽ പരേഡിൽ നിന്നു കൊടുക്കേണ്ടിവന്നു. ഈ അവസ്ഥ മൊത്തത്തിൽ പോലീസ് സേനയിൽ മനോവീര്യത്തകർച്ചയുണ്ടാക്കി. പിന്നീടുണ്ടായ നക്സലൈറ്റുകേസുകളിലൊക്കെ പോലീസ് പൊതുവിൽ ഒരു നിസ്സംഗ സമീപനമാണെടുത്തത്. കരുണാകരന്റെ കാലത്ത് നക്സലൈറ്റുകൾക്കെതിരെ സ്വീകരിച്ച നിയമവിരുദ്ധ നടപടികളൊന്നും നക്സലൈറ്റുകളെ അടിച്ചമർത്താൻ സഹായകമായിട്ടില്ലെന്ന് മുകളിൽപറഞ്ഞ വസ്തുതകളിൽ നിന്ന് പകൽ പോലെ വ്യക്തമാണ്. അപ്പോൾ പിന്നെ അതിക്രമങ്ങൾക്ക് ന്യായീകരണമായി പറയാറുള്ള വാക്കുകൾക്ക് അടിസ്ഥാനമില്ലാതാകുകയാണ്. കരുണാകരന്റെ നേതൃത്വത്തിൽ നടന്ന അതിക്രമങ്ങൾ കേരളീയ സമൂഹത്തിന് തന്നെ ഒരു തീരാകളങ്കമായി അവശേഷിക്കുന്നു എന്നും ചുരുക്കം.

കരുണാകരന്റെ പൊതു രാഷ്ട്രീയജീവിതത്തിൽ മാതൃകാപരമായിട്ടെന്തെങ്കിലും ഉണ്ടോ എന്നു കൂടി ചെറുതായിട്ടൊന്നു പരിശോധിക്കാം. അരനൂറ്റാണ്ടോളം കാലം കേരള രാഷ്ട്രീയത്തിലെ ഒരു നിർണ്ണായക ഘടകമായി നിലനിന്ന ഒരു നേതാവിനെ വിലയിരുത്തുമ്പോൾ അയാൾ ഉയർത്തിപ്പിടിച്ച പ്രവർത്തന ശൈലിയിലും മൂല്യബോധത്തിലും മാതൃകാപരമായി എന്താണുള്ളതെന്ന് കൃത്യമായി പരിശോധിക്കേണ്ടതുണ്ട്. ആ മാതൃകാ നേതാവിൽ അനുകരണീയമായി ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ ഏറ്റവും പ്രധാനമായി സത്യസന്ധത, അഴിമതിവിരുദ്ധത, നീതിനിഷ്ഠ, സാമൂഹ്യനന്മയോടുള്ള പ്രതിബദ്ധത എന്നിങ്ങനെ ഏതാനും ചിലതെങ്കിലും ഉണ്ടായിരിക്കേണ്ടതുണ്ട്. കരുണാകരന്റെ രാഷ്ട്രീയ ജീവിതത്തിൽ ഇത്തരം ഗുണങ്ങൾ വല്ലതും പ്രകടമാണോ എന്ന് നോക്കാം.

തൃശൂർ ജില്ലയിലെ ഒരു പ്രാദേശിക ട്രേഡ് യൂണിയൻ പ്രവർത്തകനായിട്ടാണ് കരുണാകരന്റെ പൊതു

ജീവിതം ആരംഭിച്ചത്. നല്ല ട്രേഡ് യൂണിയൻ സംഘാടകൻ എന്ന പേരും സമ്പാദിച്ചിരുന്നു. തൃശൂർ ജില്ലയിലെ തട്ടിൽ എസ്റ്റേറ്റിലെ ട്രേഡ് യൂണിയൻ പ്രവർത്തകനായിരിക്കുമ്പോഴാണ് എസ്റ്റേറ്റ് മാനേജർ കൊല്ലപ്പെടുന്നത്. കരുണാകരന്റെ ഏറ്റവും അടുത്ത സഹപ്രവർത്തകരിൽ ഒരാൾ ആ കേസിൽ പ്രതിയായതോടെയാവാം കരുണാകരനും പ്രതിയായി. സംഭവ സമയത്ത് കരുണാകരൻ മറ്റൊരിടത്തായിരുന്നു എന്ന് തെളിയിക്കാൻ കള്ളസാക്ഷികളെ കോടതിയിൽ അണിനിരത്തുകയാണുണ്ടായത്. ആരംഭത്തിൽ തന്നെ പ്രകടമായി കണ്ട ഈ കള്ളത്തരങ്ങളും കുതന്ത്രങ്ങളും പിന്നീട് കരുണാകരന്റെ രാഷ്ട്രീയ ജീവിതത്തിൽ ഉടനീളം കാണാമായിരുന്നു.

തട്ടിൽ എസ്റ്റേറ്റ് വക ഭൂമി കാർഷിക സർവ്വകലാശാലക്ക് വേണ്ടി വിറ്റ സന്ദർഭത്തിൽ കരുണാകരനെതിരായി അഴിമതി ആരോപണം ഉയർന്നു വന്നു, കരുണാകരന്റെ പങ്ക് തെളിയിക്കുന്ന ഒരു കത്ത് നവാബ് രാജേന്ദ്രൻ തന്നെ 'നവാബ്' മാസികയിൽ പ്രസിദ്ധീകരിച്ചു. തന്റെ കയ്യിൽ കത്ത് സുരക്ഷിതമല്ലെന്ന് കണ്ട രാജേന്ദ്രൻ ആ കത്ത് അഴീക്കോടൻ രാഘവനെ ഏൽപ്പിച്ചു. ആഭ്യന്തരമന്ത്രിയായിരുന്ന കരുണാകരന്റെ പോലീസ് ഈ കത്തിന് വേണ്ടി അഴീക്കോടനെ സമീപിച്ചു. അഴീക്കോടൻ ഈ കത്ത് തന്റെ പക്കലുണ്ടെന്ന് സമ്മതിക്കുക മാത്രമല്ല, ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന പൊതുതാത്പര്യ ഹർജിയിൽ തെളിവായി ഹാജരാക്കാൻ പോവുകയാണെന്നും പറഞ്ഞു. കോടതിയിൽ പോകുമെന്നു പറഞ്ഞതിനു രണ്ടുദിവസം മുമ്പ് അഴീക്കോടൻ രാഘവൻ തൃശൂരിൽ വെച്ച് കൊലചെയ്യപ്പെട്ടു. പ്രസ്തുത കത്ത്, അടക്കം ചെയ്തതെന്നു കരുതുന്ന ഒരു സ്യൂട്ട്കേസ് രാഘവന്റെ പക്കലുണ്ടായിരുന്നത് പോലീസ് കണ്ടെടുത്തുവെങ്കിലും പിന്നീട് ആരുമത് കണ്ടില്ല. കരുണാകരനെതിരെ ആ തെളിവ് നഷ്ടപ്പെട്ടതോടെ, ആ ആരോപണം വെറും ആരോപണം മാത്രമായി അവശേഷിച്ചു. കരുണാകരന്റെ രീതികൾ ഇങ്ങനെയൊക്കെയാണ്.

**ആശ്രിതരെ സഹായിക്കാൻ കരുണാകരൻ എന്തും ചെയ്യുമെന്ന് ശ്ലാഘിച്ചുകൊണ്ടാണ് ജനങ്ങൾ പറയാറുള്ളത്. പക്ഷേ ഈ സ്വഭാവം പഴയകാലത്തെ ഫ്യൂഡൽ പ്രമാണിമാരുടേതുപോലത്തെ പ്രവർത്തനശൈലിയാണ്. ആശ്രിതരെ വളർത്തുകയും നിലനിർത്തുകയും ചെയ്യുന്ന ഈ പ്രവർത്തനം അവസാനം വരെയും അദ്ദേഹം പിന്തുടർന്നിരുന്നു. ജനാധിപത്യ വ്യവസ്ഥയിൽ പ്രവർത്തിച്ചിരുന്ന ഒരു കക്ഷി രാഷ്ട്രീയ നേതാവ് ഒരിക്കലും പിന്തുടരാൻ പാടില്ലാത്ത ഒരു ശൈലിയാണിത്.**

അടിയന്തിരാവസ്ഥയെ തുടർന്ന് മുഖ്യമന്ത്രി ആയി അധികാരമേറ്റ് ദിവസങ്ങൾക്കുള്ളിലാണ് രാജൻ കേസിന്റെ പേരിൽ കരുണാകരന് രാജി വെക്കേണ്ടിവന്നത്. 1982–87 കാലത്താണ് കരുണാകരൻ കാലാവധി പൂർത്തിയാക്കി മുഖ്യമന്ത്രി ആയത്. കരുണാകരനെപ്പോലെ അധികാരമുപയോഗിച്ച് സമ്പത്ത് വാരിക്കൂട്ടിയ മറ്റൊരു മുഖ്യമന്ത്രി കേരളത്തിലില്ല, തികച്ചും നിസ്വനായി പൊതുപ്രവർത്തനരംഗത്ത് വന്ന കരുണാകരൻ സമാഹരിച്ച കണക്കില്ലാത്ത സ്വത്തിനെക്കുറിച്ച് മക്കൾക്ക് തന്നെ വേണ്ടത്ര വിവരമുണ്ടാകില്ലെന്നാണ് റിപ്പോർട്ടുകൾ കാണിക്കുന്നത്. ഈ കാലയളവിലോ, പിന്നീട് അധികാരത്തിൽ വന്ന 1991–95 കാലത്ത് കേരളത്തിന്റെ സമഗ്രവികസനത്തിന് വേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ കരുണാകരൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. അങ്ങിനെ ഒരു സമീപനമേ കരുണാകരനുണ്ടായിരുന്നുള്ളൂ.

ദൈനംദിന രാഷ്ട്രീയത്തിൽ കരുണാകരന്റെ ചടുലത നിർവ്വഹണപരമായ കഴിവു പ്രകടിപ്പിക്കാൻ കരുണാകരനെസഹായിച്ചിട്ടുണ്ട്. ആശ്രിതരെ സഹായിക്കാൻ കരുണാകരൻ എന്തും ചെയ്യുമെന്ന് ശ്ലാഘിച്ചുകൊണ്ടാണ് ജനങ്ങൾ പറയാറുള്ളത്. പക്ഷേ ഈ സ്വഭാവം പഴയകാലത്തെ ഫ്യൂഡൽ പ്രമാണിമാരുടേതുപോലത്തെ പ്രവർത്തനശൈലിയാണ്. ആശ്രിതരെ വളർത്തുകയും നിലനിർത്തുകയും ചെയ്യുന്ന ഈ പ്രവർത്തനം അവസാനം വരെയും അദ്ദേഹം പിന്തുടർന്നിരുന്നു. ജനാധിപത്യ വ്യവസ്ഥയിൽ പ്രവർത്തിച്ചിരുന്ന ഒരു കക്ഷി രാഷ്ട്രീയ നേതാവ് ഒരിക്കലും പിന്തുടരാൻ പാടില്ലാത്ത ഒരു ശൈലിയാണിത്.

കേരളത്തിലെ കോൺഗ്രസ്സിലെ ഗ്രൂപ്പ് വടംവലിയിൽ കരുണാകരൻ എന്നും പിന്നിൽ നിന്ന് ചരടുവലിക്കുന്നതിൽ സമർത്ഥനായിരുന്നു. എതിർ ഗ്രൂപ്പുകാരും മുന്നണിയിലെ ഘടകകക്ഷികളുമൊക്കെ ചേർന്ന് 1995 ൽ കരുണാകരനെ മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് നീക്കിയതിന്റെ വൈരാഗ്യവും തീർക്കാനായി അദ്ദേഹം കാട്ടിക്കൂട്ടിയ കോപ്രായങ്ങൾ അമ്പരപ്പിക്കുന്നതാണ്. രാജ്യസഭ തെരഞ്ഞെടുപ്പിനു ബദൽ സ്ഥാനാർത്ഥിയെ നിറുത്തുക, എറണാകുളം ഉപതെരഞ്ഞെടുപ്പിൽ ബദൽ സ്ഥാനാർത്ഥിയെ നിർത്തുക, എതിർ കക്ഷിക്ക് വോട്ടുചെയ്യാൻ പ്രചരണം നടത്തുക എന്നിങ്ങനെയുള്ള തരംതാണ വിമതപ്രവർത്തനങ്ങൾ തുടങ്ങി ബദൽ പാർട്ടിയുണ്ടാക്കുന്നതും മറ്റൊരു അഖിലേന്ത്യാ പാർട്ടിയിൽ ലയിക്കുന്നതും വരെയുള്ള സംഘടന വിരുദ്ധപ്രവർത്തനങ്ങൾ കരുണാകരൻ നടത്തിയത് എന്തെങ്കിലും ആദർശത്തിന് വേണ്ടിയായിരുന്നില്ല. ഇടുങ്ങിയ വ്യക്തിതാൽപര്യങ്ങൾക്കുവേണ്ടി മാത്രമായിരുന്നു.

അനുകരിക്കപ്പെടാൻ പാടില്ലാത്ത ഒരു നേതാവ് എന്ന നിലയ്ക്ക് മാത്രമേ കെ.കരുണാകരനെ വിലയിരുത്താനാവൂ.